**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 161** **09-02-2023 - ൽ മറുപടിയ്ക്ക്**

**റേഷൻ കടകളിലെ ക്രമക്കേടുകൾ തടയാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ശ്രീ . ടി. വി. ഇബ്രാഹിം** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് റേഷൻ കടകളിൽ അരി തിരിമറി, പൂഴ്ത്തിവെപ്പ് ഉടങ്ങിയ ക്രമക്കേടുകൾ നടക്കുന്നതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | പൊതു വിതരണ ശൃംഖലയിലെ കരിഞ്ചന്ത, പൂഴ്ത്തി വയ്പ്പ്, തിരിമറി എന്നിവ തടയുന്നതിനായി ശക്തമായ ഒരു പരിശോധന സംവിധാനം പ്രവർത്തിക്കുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർ മുതൽ ജില്ലാ സപ്ലൈ ആഫീസർ വരെയുള്ളവർ നടത്തുന്ന പതിവ് പരിശോധനകൾക്ക് പുറമേ വിജിലൻസ് ആഫീസർ, ഡെപ്യൂട്ടി റേഷനിംഗ് കൺട്രോളർമാർ, ഭക്ഷ്യ കമ്മീഷൻ, കൂടാതെ സംസ്ഥാനതല പരിശോധനാസംഘവും റേഷൻ കടകളിലും ഗോഡൗണുകളിലും മിന്നൽ പരിശോധന നടത്തുകയും ക്രമക്കേട് കണ്ടെത്തുന്ന പക്ഷം KTPDS (Control) Order, 2021 പ്രകാരം ലൈസൻസ് താത്ക്കാലികമായി റദ്ദ് ചെയ്യുക, സ്റ്റോക്കിൽ വ്യത്യാസം കണ്ട സാധനങ്ങളുടെ കമ്പോള നിരക്കിലെ വില ഈടാക്കുക തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരികയും ചെയ്യുന്നുണ്ട്. റേഷനിംഗ് ഇൻസ്പെക്ടർമാരുടെ പരിശോധന കൂടുതൽ കാര്യക്ഷമവും മികവുറ്റതും ആക്കുന്നതിനായി **എഫ്.പി.എസ് മൊബൈൽ** എന്ന സംവിധാനം നിലവിലുണ്ട്.<br><br>കൂടാതെ സംസ്ഥാന-ജില്ലാ-താലൂക്ക്-റേഷൻ കട തലത്തിൽ ജനപ്രതിനിധികൾ ഉൾപ്പെടുന്ന വിജിലൻസ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. എഫ്.സി.ഐ ഗോഡൗണിൽ നിന്നും എൻ.എഫ്.എസ്.എ ഗോഡൗണിലേക്കും എൻ.എഫ്.എസ്.എ ഗോഡൗണിൽ നിന്നും റേഷൻ കടകളിലേക്കുമുള്ള സ്റ്റോക്ക് വിതരണത്തിൽ ഉണ്ടാകുന്ന ക്രമക്കേടുകൾ തടയുന്നതിനായി താലൂക്ക് തലത്തിൽ രൂപീകരിച്ചിട്ടുള്ള ഫ്ലയിങ് സ്ക്വാഡുകൾ മൂന്ന് മാസത്തിലൊരിക്കൽ പരിശോധനാ റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സർക്കാരിന് സമർപ്പിക്കുന്നുണ്ട്. ക്രമക്കേടുകൾ കണ്ടെത്തുന്നപക്ഷം KTPDS (Control) Order, 2021 പ്രകാരം ഉചിതമായ ശിക്ഷാ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഉത്സവ സീസണുകളിൽ പൊതു വിപണിയിലുണ്ടാകുന്ന വിലവർദ്ധനവും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ഡെപ്യൂട്ടി കൺട്രോളർ/ജില്ല/ താലൂക്ക് സപ്ലൈ ഓഫീസർമാരുടെ നേതൃത്വത്തിൽ സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്ത◌ുന്നുണ്ട്. ഗുരുതര സ്വഭാവമുള്ള പരാതി/ ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ഡെപ്യൂട്ടി കൺട്രോളർ/ജില്ല സപ്ലൈ ഓഫീസർ തലത്തിലുള്ള ഉദ്യോഗസ്ഥർ ബന്ധപ്പെട്ട റേഷൻ കടകൾ പരിശോധിച്ച് നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (ബി) | ക്രമക്കേടുകൾ കണ്ടെത്തുന്നതിനും അവ തടയുന്നതിനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) | ക്ലോസ്(എ)യുടെ മറുപടി കണ്ടാലും. |
| (സി) | റേഷൻ കടകളിൽ കൃത്യമായ വിലവിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ നടപടി സ്വീകരിക്കുമോ? | (സി) | റേഷൻ കടകളിൽ വിലവിവര പട്ടിക(സ്റ്റോക്ക് ബോർഡ്) പ്രദർശിപ്പിക്കണമെന്ന് കേരള ടാർജറ്റഡ് പബ്ലിക് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം (കൺട്രോൾ) ഓർഡർ, 2021ൽ നിഷ്കർഷിച്ചിട്ടുണ്ട്. നിശ്ചിതമാതൃകയിലുള്ള സ്റ്റോക്ക് ബോർഡ് എല്ലാ റേഷൻ കടകളിലും പ്രദർശിപ്പിക്കണമെന്നും സ്റ്റോക്ക് ബോർഡിൽ വിതരണം നടത്തുന്ന ഭക്ഷ്യധാന്യങ്ങളുടെ ഇനം തിരിച്ചുള്ള അളവുകളും ആയതിനു കാർഡുടമ നൽകേണ്ട വിലയും കൃത്യമായി രേഖപ്പെടുത്തണമെന്നും ആയത് ദിവസവും അപ്ഡേറ്റ് ചെയ്യണമെന്നും ലൈസൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. മേൽപ്പറഞ്ഞരീതിയിൽ സ്റ്റോക്ക് ബോർഡ് കൃത്യമായി സൂക്ഷിക്കാത്ത ലൈസൻസികൾക്ക് നോട്ടീസ് നൽകി പിഴ ഈടാക്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ